ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:11.12.2025

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു; തൃശൂർ മുതൽ കാസർകോട് വരെയുള്ള ജില്ലകളിലെ ശരാശരി പോളിംഗ് ശതമാനം 43 കടന്നു.

2. എല്ലാ ജില്ലകളിലും ഉച്ചവരെ 40 ശതമാനത്തിനുമേൽ പോളിംഗ് ; ഏറ്റവും കൂടുതൽ പോളിംഗ് മലപ്പുറത്ത്. . കുറവ് കണ്ണൂരിൽ ; വോട്ടെണ്ണൽ മറ്റന്നാൾ.

3. പാർലമെന്റിന്റെ ഇരു സഭകളിലും നടപടികൾ പുരോഗമിക്കുന്നു; വന്ദേ മാതരത്തിൻറെ 150-ാം വാർഷികവുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് രാജ്യസഭയിൽ കേന്ദ്രമന്ത്രി ജെ.പി നഡ്ഡ മറുപടി നൽകും.

4. സംസ്ഥാനത്ത് ദേശീയപാത തകർന്ന സംഭവത്തിൽ കർശന നടപടിയുമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ; വിവിധ റീച്ചുകളിൽ സുരക്ഷാ ഓഡിറ്റിനും 378 സ്ഥലങ്ങളിൽ മണ്ണ് പരിശോധനയ്ക്കും തീരുമാനം.

5. ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ വി സി നിയമനത്തിൽ സുപ്രധാന നീക്കവുമായി സുപ്രീം കോടതി; നിയമനത്തിനുള്ള പേരുകൾ മുദ്ര വച്ച കവറിൽ ബുധനാഴ്ചയ്ക്ക് മുമ്പ് നൽകാൻ ജസ്റ്റിസ് ദുലിയ കമ്മിറ്റിക്ക് നിർദേശം.

6. ഇന്ത്യ ദക്ഷിണാഫ്രിക്ക ടി-ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് ന്യൂ ചണ്ഡീഗഡിൽ.

RNUTVPM

## വോട്ടെടുപ്പ് സംസ്ഥാനം

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. വടക്കൻ കേരളത്തിൽ രാവിലെ തന്നെ ബൂത്തുകളിൽ വോട്ടർമാരുടെ നീണ്ട നിര ദൃശ്യമായിരുന്നു. ഉച്ചയോടെ അല്പം മന്ദഗതിയിലായെങ്കിലും വൈകുന്നേരത്തോടെ വീണ്ടും പോളിംഗ് ഊർജ്ജിതമാകും.

ഉച്ച വരെയുള്ള കണക്കുകൾ പ്രകാരം 43 ശതമാനത്തിലധികം പോളിങ് രേഖപ്പെടുത്തി

തൃശൂർ- 42.19
പാലക്കാട് - 43.74
മലപ്പുറം - 45
കോഴിക്കോട് - 43.07
വയനാട് - 42.32
കണ്ണൂർ - 41.43
കാസർകോട് - 41.75
എന്നിങ്ങനെയാണ് ഇതുവരെയുള്ള പോളിംഗ് ശതമാനം.

## മുഖ്യമന്ത്രി (ഇൻട്രോ)

മികവാർന്ന വിജയത്തിലേക്ക് എൽ.ഡി.എഫ് കുതിക്കുന്ന കാഴ്ചയാകും ഈ തിരഞ്ഞെടുപ്പിൽ കാണാനാവുകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പിണറായി പഞ്ചായത്തിലെ

RNU TVPM

ബൂത്തിൽ കുടുംബസമേതമെത്തി വോട്ടു രേഖപ്പെടുത്തിയശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജമാ അത്തെ ഇസ്ലാമിയെ കൂടെ കൂട്ടിയതുകൊണ്ട് മുസ്ലീം ബഹുജനങ്ങളുടെ പിന്തുണ യു.ഡി.എഫിന് കിട്ടില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. നടിയെ ആക്രമിച്ച കേസിൽ അതിജീവിതയോടൊപ്പമാണ് നാടും സർക്കാരും നിലകൊള്ളുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. രാഹുൽ മാങ്കൂട്ടത്തിൽ ഉൾപ്പെടെയുള്ള ക്രിമിനൽ സംഘത്തെ ന്യായീകരിക്കാൻ ശ്രമിച്ചാൽ പൊതുസമൂഹം അംഗീകരിക്കില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁❁

## സണ്ണി ജോസഫ് - പ്രതികരണം (ഇൻട്രോ)

കെ.പി.സി.സി അധ്യക്ഷൻ സണ്ണി ജോസഫ് കണ്ണൂർ പായം താന്തോട് സെന്റ് ജോൺസ് ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ വോട്ട് രേഖപ്പെടുത്തി. സംസ്ഥാന സർക്കാരിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെയുള്ള ജനവിധിയുണ്ടാകുമെന്നും യു.ഡി. എഫ് തികഞ്ഞ വിജയപ്രതീക്ഷയിലാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു.

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁❁

## കെ.സുരേന്ദ്രൻ (ഇൻട്രോ)

ശബരിമല ക്രമക്കേട് വിഷയത്തിൽ ഉൾപ്പടെ രണ്ടു മുന്നണികൾക്കുമെതിരെ ശക്തമായ ജനവികാരം ഈ തിരഞ്ഞെടുപ്പിൽ ഉണ്ടാകുമെന്ന് ബിജെപി മുൻ സംസ്ഥാന

RNU TVPM

അധ്യക്ഷൻ കെ സുരേന്ദ്രൻ പറഞ്ഞു. അദ്ദേഹം കോഴിക്കോട് മൊടക്കല്ലൂർ AUP സ്കൂളിലാണ് വോട്ട് ചെയ്തത്.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**<u>കോർപ്പറേഷൻ</u>**

വടക്കൻ കേരളത്തിലെ 3 കോർപ്പറേഷനുകളിലും ഭേദപ്പെട്ട പോളിങ്.

തൃശൂർ - 35.26
കോഴിക്കോട് - 37.29
കണ്ണൂർ - 35.07
എന്നിങ്ങനെയാണ് പോളിംഗ് ശതമാനം.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**<u>തൃശൂർ ജില്ല വോട്ടെടുപ്പ് (ഇൻട്രോ)</u>**

ശക്തമായ ത്രികോണ മത്സരത്തിന്റെ പ്രതീതി ഉയർത്തുന്ന തൃശൂർ ജില്ലയിൽ നിന്ന് കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിത പ്രതാപ് ......

1. ഭരിതാ.....പോളിംഗ് പൊതുവെ എങ്ങനെ പുരോഗമിക്കുന്നു ?

2. ഇടതു വലത് മുന്നണികളും ബി.ജെ.പി യും ഒരുപോലെ പ്രതീക്ഷ പുലർത്തുന്ന തൃശൂർ കോർപറേഷനിലെ സ്ഥിതിയെന്താണ് ?

❁❁❁❁❁❁❁❁❁❁❁❁❁

## തദ്ദേശ തിരഞ്ഞെടുപ്പ് രണ്ടാംഘട്ടം

തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ 604 തദ്ദേശ സ്ഥാപനങ്ങളിലായി 12,391 വാർഡുകളിലാണ് ജനവിധി. വൈകുന്നേരം 6 വരെ വോട്ടെടുപ്പ് തുടരും. ആകെ ഒരു കോടി 53 ലക്ഷത്തി 37,176 വോട്ടർമാരാണുള്ളത്. 80.90 ലക്ഷം വനിതാ വോട്ടർമാരും 72.46 ലക്ഷം പുരുഷ വോട്ടർമാരും ഇതിൽ ഉൾപ്പെടുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## വോട്ടെടുപ്പ് - വാർഡുകൾ

രണ്ടാം ഘട്ടത്തിൽ 7 ജില്ലാ പഞ്ചായത്തുകളിലെ 182 ഡിവിഷനുകളിലേക്കും, 77 ബ്ലോക്ക് പഞ്ചായത്തുകളിലെ 1,177 ഡിവിഷനുകളിലേക്കും, 470 ഗ്രാമപഞ്ചായത്തുകളിലെ 9,015 വാർഡുകളിലേക്കും, 47 മുനിസിപ്പാലിറ്റികളിലെ 1,829 വാർഡുകളിലേക്കും, 3 കോർപ്പറേഷനുകളിലെ 188 വാർഡുകളിലേക്കുമാണ് വോട്ടെടുപ്പ് നടക്കുന്നത്. ആദ്യഘട്ടത്തിൽ വോട്ടിങ് മെഷീൻ തകരാറിനെ തുടർന്ന് റദ്ദാക്കിയ ആലപ്പുഴ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ അഞ്ചാം വാർഡിലെ ഒന്നാം ബൂത്തിലെ വോട്ടെടുപ്പും ഇന്നു നടക്കും. ശനിയാഴ്ചയാണ് വോട്ടെണ്ണൽ

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## മുൻസിപ്പാലിറ്റി

വടക്കൻ കേരളത്തിലെ 47 മുനിസിപ്പാലിറ്റികളിലും മികച്ച പോളിങ്. ശരാശരി പോളിംഗ് ശതമാനം 40 കടന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## പാലക്കാട് ജില്ല വോട്ടെടുപ്പ് (ഇൻട്രോ)

രാഷ്ട്രീയ വിവാദങ്ങളാൽ ശ്രദ്ധേയമായ പാലക്കാട് ജില്ലയിൽ വോട്ടെടുപ്പിന്റെ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലി മുത്ത് ചേരുന്നു.

1. ഫൈസൽ..... മുൻസിപ്പാലിറ്റിയിൽ ഉൾപ്പെടെ പോളിംഗ് ശതമാനം എങ്ങനെയുണ്ട് ?

2. രാഹുൽ മാങ്കൂട്ടത്തിൽ എം എൽ എ വോട്ട് ചെയ്യാനെത്തുമോ എന്നതിൽ ആകാംക്ഷ നിലനിൽക്കുന്നുണ്ടല്ലോ ? എത്താൻ സാധ്യതയുണ്ടോ ?

## വോട്ടെണ്ണൽ

RNU TVPM

തദ്ദേശ തെരഞ്ഞെടുപ്പിന്റെ പൂർണഫലം മറ്റന്നാൾ ഉച്ചയോടെ ലഭ്യമാക്കാൻ ക്രമീകരണങ്ങളൊരുക്കി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ ഒരേസമയം സമാന്തരമായി വോട്ടെണ്ണുന്നതിനാണ് ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്താകെ 244 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.
മറ്റന്നാൾ രാവിലെ എട്ടിന് വോട്ടെണ്ണൽ തുടങ്ങും. ആദ്യം തപാൽ വോട്ടാണ് എണ്ണുന്നത്. ജില്ലാ പഞ്ചായത്തുകളിലെ തപാൽ വോട്ടുകളെണ്ണാൻ വരണാധികാരിയായ കളക്ടറുടെ ചേംബറിനു സമീപം പ്രത്യേക കേന്ദ്രം ക്രമീകരിക്കും. ത്രിതല പഞ്ചായത്തുകൾക്ക് ബ്ലോക്ക് തലത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അതത് സ്ഥാപനത്തിലുമാണ് വോട്ടെണ്ണുക. കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട ചുമതല അതത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്കും മുൻസിപ്പൽ സെക്രട്ടറിയ്ക്കുമാണ്. ഇതിനുള്ള

വിശദമായ മാർഗ്ഗരേഖ നൽകിയിട്ടുണ്ട്. ഹരിതച്ചട്ടം കർശനമായി പാലിക്കണമെന്നും കമ്മീഷൻ നിർദ്ദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## പാർലമെൻറ്

ശീതകാല സമ്മേളനം നടക്കുന്ന പാർലമെന്റിന്റെ ഇരു സഭകളിലും നടപടികൾ പുരോഗമിക്കുന്നു. ദേശീയ ഗീതമായ വന്ദേമാതരത്തിൻറെ 150-ാം വാർഷികവുമായി ബന്ധപ്പെട്ട ചർച്ചകൾ രാജ്യസഭയിൽ ഇന്നും തുടരും. കേന്ദ്രമന്ത്രി ജെ.പി.നഡ്ഡ ചർച്ചയ്ക്ക് മറുപടി നൽകും. വന്ദേമാതരം സംബന്ധിച്ച ചർച്ചകൾക്ക് ശേഷം രാജ്യസഭയിൽ തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെക്കുറിച്ചുള്ള ചർച്ച ആരംഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## രാഷ്ട്രപതി -മണിപ്പൂർ

രാഷ്ട്രപതി ദ്രൗപദി മുർമു രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് മണിപ്പൂരിലെത്തും. ഇംഫാലിലെത്തുന്ന രാഷ്ട്രപതിയെ ഗാർഡ് ഓഫ് ഓണർ നൽകി സ്വീകരിക്കും. മണിപ്പൂർ സർക്കാർ സംഘടിപ്പിക്കുന്ന പൗര സ്വീകരണത്തിൽ ശ്രീമതി മുർമു പങ്കെടുക്കും. വിവിധ വികസന പദ്ധതികൾക്കും സന്ദർശനത്തിനിടെ രാഷ്ട്രപതി തുടക്കം കുറിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## എസ്.ഐ.ആർ (ഇൻട്രോ)

രാജ്യത്ത് തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിന്റെ രണ്ടാം ഘട്ടത്തിൽ ഇതുവരെ ഇതുവരെ 50 കോടിയിലധികം ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കേരളത്തിൽ, പൂരിപ്പിച്ച ഫോമുകൾ ഈ മാസം 18 വരെ സമർപ്പിക്കാം.

RNU TVPM

ഫോമുകൾ എത്രയും വേഗം ബി.എൽ.ഒ മാർക്ക് തിരികെ നൽകണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ അഭ്യർത്ഥിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം.പള്ളുരുത്തി...**
( **വോയിസ്....**)

❁❁❁❁❁❁❁❁❁❁❁❁❁

## ദേശീയപാത - സുരക്ഷാ ഓഡിറ്റ്

കേരളത്തിൽ ദേശീയപാതാ പ്രവൃത്തികൾക്കിടെ സുരക്ഷാ മതിലും റോഡും തകർന്ന സംഭവത്തിൽ കർശന നടപടിയുമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ. നിർമ്മാണത്തിൽ പ്രധാന പങ്ക് വഹിച്ച രണ്ട് സ്ഥാപനങ്ങളെ സസ്പെൻഡ് ചെയ്തു. രണ്ട് സ്ഥാപനങ്ങൾക്കും കാരണം കാണിക്കൽ നോട്ടീസ് നൽകുകയും പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. സുരക്ഷയിലും നിർമ്മാണത്തിലും ഉന്നത നിലവാരം കാത്തു സൂക്ഷിക്കുമെന്ന് എൻഎച്ച്എഐ അറിയിച്ചു. നിർമാണത്തിലിരിക്കുന്ന ദേശീയപാത 66 ന്റെ വിവിധ റീച്ചുകളിൽ സുരക്ഷാ ഓഡിറ്റ് നടത്താൻ ദേശീയപാത അതോറിറ്റി തീരുമാനിച്ചു. 378 സ്ഥലങ്ങളിൽ മണ്ണ് പരിശോധന നടത്തും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## സർവ്വകലാശാല - വി.സി നിയമനം

കേരളത്തിൽ ഡിജിറ്റൽ, സാങ്കേതിക സർവകലാശാലകളിലെ വി സി നിയമനത്തിൽ സുപ്രധാന നീക്കവുമായി സുപ്രീം കോടതി. വിസി മാരെ സുപ്രീംകോടതി നിയമിക്കും. മുദ്ര വച്ച കവറിൽ പേരുകൾ നൽകാൻ ജസ്റ്റിസ് ദുലിയ കമ്മിറ്റിക്ക് കോടതി നിർദേശം നൽകി. മുഖ്യമന്ത്രിയുടെ കത്തും, ഗവർണറുടെ മറുപടിയും പരിശോധിച്ച ശേഷം സമിതി ബുധനാഴ്ചയ്ക്കകം

കോടതിക്ക് റിപ്പോർട്ട് സമർപ്പിക്കണം. കേസ് സുപ്രീംകോടതി വ്യാഴാഴ്ച വീണ്ടും പരിഗണിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## രാജ്യാന്തര ചലച്ചിത്ര മേള

30-ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് തിരുവനന്തപുരത്ത് നാളെ തിരി തെളിയും. നിശാഗന്ധി ഓഡിറ്റോറിയത്തിൽ വൈകിട്ട് ആറ് മണിക്കാണ് ഉദ്ഘാടന ചടങ്ങ്. ഈ മാസം 19 വരെ നടക്കുന്ന മേളയിൽ എഴുപതോളം രാജ്യങ്ങളിൽ നിന്നുള്ള 200 ലേറെ ചിത്രങ്ങൾ പ്രദർശിപ്പിക്കും. ആൻമേരി ജാസിർ സംവിധാനം ചെയ്ത പലസ്തീൻ 36 ആണ് മേളയുടെ ഉദ്ഘാടന ചിത്രം. മേളയുടെ ഡെലിഗേറ്റ് പാസ്സ് വിതരണം ഇന്ന് ആരംഭിച്ചു. സാംസ്കാരിക വകുപ്പ് ഡയറക്ടർ ദിവ്യ എസ് അയ്യരിൽ നിന്നും ആദ്യ പാസ് ചലച്ചിത്ര താരം ലിജോമോൾ ജോസ് ഏറ്റുവാങ്ങി.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഇടശ്ശേരി പുരസ്കാരം

2025 ലെ ഇടശ്ശേരി പുരസ്കാരം പ്രഖ്യാപിച്ചു. ഗിരീഷ് കളത്തിലിന്റെ 'ഒച്ചയും കാഴ്ചയും', ഡോ. ചന്ദ്രദാസൻ്റെ 'റിയലി സോറി, ഇതൊരു ഷേയ്ക്സ്പിയർ നാടകമല്ല' എന്നീ കൃതികൾക്കാണ് അവാർഡ്. ഇടശ്ശേരി സ്മാരക സമിതിയും മഹാകവി ഇടശ്ശേരി സ്മാരക ട്രസ്റ്റും സംയുക്തമായി ഏർപ്പെടുത്തിയതാണ് പുരസ്കാരം.

❁❁❁❁❁❁❁❁❁❁❁❁❁

## അലിയാർ - അവാർഡ്

വായനശാല കേശവപിള്ള അവാർഡ് പ്രൊഫസർ അലിയാർക്ക്. മലയാള നാടക വേദിക്കു നൽകിയിട്ടുള്ള സമഗ്ര സംഭാവനകളെ

ആധാരമാക്കി തിരുവനന്തപുരം വഞ്ചിയൂർ ശ്രീചിത്തിര തിരുനാൾ ഗ്രന്ഥശാലയാണ് പുരസ്കാരം നൽകുന്നത്. ഇന്ന് വൈകുന്നേരം തിരുവനന്തപുരം തൈക്കാട് ഭാരത് ഭവനിൽ നടക്കുന്ന വായനശാലയുടെ 111-ാമത് വാർഷികാഘോഷ ചടങ്ങിൽ സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ പുരസ്കാരം സമ്മാനിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## ക്രിക്കറ്റ്

ഇന്ത്യ ദക്ഷിണാഫ്രിക്ക ടി-ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ടി-20 മത്സരം ഇന്ന് ന്യൂ ചണ്ഡീഗഢിലെ മുല്ലൻപൂരിലുള്ള മഹാരാജ യാദവീന്ദ്ര സിംഗ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടക്കും. രാത്രി 7 മണിക്ക് മത്സരം ആരംഭിക്കും. അഞ്ച് മത്സര പരമ്പരയിലെ ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയെ തകർത്ത വൻ വിജയത്തിന്റെ ആത്മവിശ്വാസത്തിലാണ് സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിലുള്ള ടീം ഇന്ത്യ. ഓൾറൗണ്ടർ ഹാർദിക് പാണ്ഡ്യയുടെ തിരിച്ചുവരവ് ടീമിനെ കൂടുതൽ ശക്തിപ്പെടുത്തി. വൈസ് ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലും തിരിച്ചെത്തിയിട്ടുണ്ട്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 174 പോയിന്റ് ഉയർന്ന് 84,566 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 67 പോയിന്റ് നേട്ടത്തിൽ 25,825 ലും വ്യാപാരം തുടരുന്നു.

സ്വർണ വിലയിൽ നേരിയ കുറവ്. പവന് 80 രൂപ കുറഞ്ഞ് 95,480 രൂപയും ഗ്രാമിന് 11,935 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി - മുസിരിസ് ബിനാലെ

കൊച്ചി മുസിരിസ് ബിനാലെ ആറാംപതിപ്പ് പ്രദർശനത്തിന് നാളെ തുടക്കമാകും. വൈകിട്ട് 6 ന് ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിലാണ് ഉദ്ഘാടന ചടങ്ങ്. 2026 മാർച്ച് 30 വരെ 109 ദിവസമാണ് പ്രദർശനം. **'ഫോർ ദി ടൈം ബീയിങ്"** എന്ന പ്രമേയത്തിലാണ് ആറാംപതിപ്പ് സംഘടിപ്പിക്കുന്നത്. 25 രാജ്യങ്ങളിൽ നിന്നുള്ള കലാകാരൻമാർ ബിനാലെയുടെ ഭാഗമാകും. നിഖിൽ ചോപ്രയും ഗോവയിലെ എച്ച്എച്ച് ആർട്ട് സ്പേസുമാണ് പ്രദർശനം ക്യുറേറ്റ് ചെയ്തിട്ടുള്ളത്.

RNU TVPM